കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - കൊല്ലം ജില്ല അഞ്ചൽ ഗ്രാമ പഞ്ചായത്ത് ഭൂമി ഇതര ആവശ്യത്തിന് ഉപയോഗിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ആർ.സി) വകുപ്പ്

സ.ഉ. (സാധാ)നം. 3321/2012/ത.സ്വ.ഭ.വ. തീയതി, തിരുവനന്തപുരം, 1-12-12

---

പരാമർശം :-

1. അഞ്ചൽ ഗ്രാമ പഞ്ചായത്തിന്റെ 10/09/2012 ലെ 1(2) നമ്പർ തീരുമാനം
2. അഞ്ചൽ ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെ 18/09/2012 ലെ എ 2 3940/2012 നമ്പർ കത്ത്

ഉത്തരവ്

അഞ്ചൽ ഗ്രാമ പഞ്ചായത്ത് 3609/1998 നമ്പരായി അറവുശാല സ്ഥാപിക്കുന്നതിനും ശുചീകരണ പ്രവർത്തനങ്ങൾക്കുമായി വാങ്ങിയതും പ്രദേശവാസികളുടെ എതിർപ്പിനെ തുടർന്ന് പ്രസ്തുത ആവശ്യങ്ങൾക്ക് ഉപയോഗിക്കാൻ സാധിക്കാതെ തരിശായിക്കിടക്കുന്നതുമായ അഞ്ചൽ വില്ലേജ് റി.സ 545/13 ൽപ്പെട്ട 00.61.30 ഹെക്ടർ സ്ഥലത്തുനിന്നും ഭൂരഹിതരായ പട്ടികജാതി വിഭാഗക്കാർക്ക് ഫ്ളാറ്റ് നിർമ്മിക്കുന്നതിന് 30 സെന്റ് സ്ഥലവും ഭൂരഹിതരായ ജനറൽ വിഭാഗക്കാർക്ക് ഫ്ളാറ്റ് നിർമ്മിക്കുന്നതിന് 31.50 സെന്റ് സ്ഥലവും ബാക്കിയുള്ള സ്ഥലത്തിന്റെ ഒരു ഭാഗം ഇലക്ട്രിക് ശ്മശാനത്തിനു വേണ്ടിയും വിനിയോഗിക്കുന്നതിനുമുള്ള അനുമതിക്കായി പരാമർശം (1) പ്രകാരം തീരുമാനിച്ച് പരാമർശം (2) പ്രകാരം സർക്കാർ അനുമതിക്കായി അപേക്ഷിക്കുകയുണ്ടായി .

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. അതിന്റെ അടിസ്ഥാനത്തിൽ അറവുശാല സ്ഥാപിക്കുന്നതിനും ശുചീകരണ പ്രവർത്തനങ്ങൾക്കും ആവശ്യമായ ഭൂമി പഞ്ചായത്ത് കണ്ടെത്തണമെന്ന വ്യവസ്ഥയിൽ അഞ്ചൽ വില്ലേജ് റി.സ 545/13 ൽപ്പെട്ട 00.61.30 ഹെക്ടർ സ്ഥലത്തുനിന്നും ഭൂരഹിതരായ പട്ടികജാതി വിഭാഗക്കാർക്ക് ഫ്ളാറ്റ് നിർമ്മിക്കുന്നതിന് 30 സെന്റ് സ്ഥലവും ഭൂരഹിതരായ ജനറൽ വിഭാഗക്കാർക്ക് ഫ്ളാറ്റ് നിർമ്മിക്കുന്നതിന് 31.50 സെന്റ് സ്ഥലവും ബാക്കിയുള്ള സ്ഥലത്തിന്റെ ഒരു ഭാഗം ഇലക്ട്രിക് ശ്മശാനത്തിനു വേണ്ടിയും വിനിയോഗിക്കുന്നതിന് അഞ്ചൽ ഗ്രാമ പഞ്ചായത്തിന് അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം
എൻ.ആർ.ശ്രീലേഖ
അണ്ടർ സെക്രട്ടറി.

To .

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
ഡയറക്ടർ, ലോക്കൽ ഫണ്ട് ആഡിറ്റ്, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരളം, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ, LBA&A , തിരുവനന്തപുരം
സെക്രട്ടറി, അഞ്ചൽ ഗ്രാമ പഞ്ചായത്ത്, കൊല്ലം
ഇൻഫർമേഷൻ കേരള മിഷൻ (വെബ്സൈറ്റിൽ പ്രസിദ്ധീകരണത്തിന്)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ.